out previous notice, consequent on the temporary retrenchment effected in the Tramway Department last year, and an amount of Rs. 182 is necessary for re-loading about 91 candies of timber which got de-railed during transport, the cost of which has to be met by the Tramway department. The essential nature of the expenditure being evident I request that the House may be pleased to pass the demand.

Demand put and carried.

(4) 14—IV—Legislative Council—Rs. 110.

Mr. C. J. Mathew.—Sir, I rise to move for an additional allotment of Rs. 110 under 14—IV—Legislative Council Establishment—Duty Allowance.

Till the beginning of this year the drawing officer for all expenditure under this head, was the Stamp and Stationery Superintendent. A clerk of his office was then attending to the T. A. Bills of the Members, and he was being given a duty allowance of Rs. 10 a month.

When the account section was transferred to this office with effect from 1st Chingam 1108 the duty allowance given to the clerk in the Stamp Office was forthwith stopped. The Bill section work is now being attended to by the Head clerk of this office and for doing this additional work, over and above his normal duties, Government have accorded sanction to pay him a duty allowance of Rs. 10 a month from 1st Chingam 1108. It is to cover the additional expenditure on this account that the amount is required, The idea is to stop this allowance when an additional clerk is sanctioned to my office to be in charge of the account section. I request that the House may be pleased to vote for the grant.

Motion No. 1.

Mr. K. T. Mathew—*To reduce the Supplementary Demand of Rs. 110 for Legislative Council by Rs 1.*

ജാതിമതവ്യത്യാസം കൂടാതെ എല്ലാ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന സംഖ്യ കൊണ്ടു നടത്തിവരുന്ന ഗവൺമെണ്ടു സ്റ്റാഫ് കാർട്ടേഴ്സ് എല്ലാ ജാതിക്കാർക്കും താമസംകൊടുത്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റിയും, ഉണ്ടെങ്കിൽ ഏതെല്ലാം ജാതിക്കാർക്കാണെന്നുള്ളതിനെപ്പറ്റിയും ഞാൻ തന്നെ ഈ സഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. ആ ചോദ്യത്തിനുള്ള മറുപടിയിൽ നിന്നും ജനങ്ങളുടെ പക്കൽ നിന്നും നികുതി പിരിച്ചെടുത്ത സംഖ്യ കൊണ്ടുണ്ടാക്കിയ സ്ഥാപനങ്ങളിൽ പെട്ടതാണ് ഈ സ്റ്റാഫ് കാർട്ടേഴ്സുകളെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. പൊതുജനങ്ങളിൽ നിന്നും പണം പിരിച്ചെടുത്തു് ഉണ്ടാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെല്ലാം മഹാരാജാവു തിരുമനസ്സിലെ പ്രജകൾക്കെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വക്കും ജാതിമതഭേദം കൂടാതെ പ്രവേശനം അനുവദിയ്ക്കേണ്ടതു അത്യാവശ്യമാകുന്നു. ഇതിനെ പറ്റി പല പ്രാവശ്യം നിയമസഭയിൽ വാദിച്ചിട്ടുമുണ്ടു". റോഡുകളെ സംബന്ധിച്ചാണെങ്കിൽ അര നാഴികെ ഇവിടെ, കാൽ നാഴികെ അവിടെ, അര ഫർലോങ്ങു വേറെ ഒരിടത്തു്, ഇങ്ങിനേയും, പള്ളിക്കൂടത്തെ സംബന്ധിച്ചു് മട്ടാഞ്ചേരിയിൽ ഒരു പള്ളിക്കൂടം, തുപ്പുണിത്തുറയിൽ മറ്റൊരു പള്ളിക്കൂടം, ഇങ്ങനെ പല പള്ളിക്കൂടങ്ങളും എല്ലാവക്കും തുറന്നുകൊടുക്കാതെയുണ്ടെന്നു ഗവമ്മെണ്ടു സമ്മതിച്ചിട്ടുണ്ടു്. ഇവയെല്ലാം തുറന്നുകൊടുക്കുന്നതിന്നായി ഗവമ്മെണ്ടു് ഓരോ തടസ്ഥങ്ങൾ പറയുകയുമുണ്ടായി. ഇതിന്നു രേഷ്മാണു് സ്റ്റാഫ് കാർട്ടേഴ്സിന്റെ കാര്യം മനസ്സിലായതു. മുമ്പു് ഈ സ്റ്റാഫ് കാർട്ടേഴ്സിന്റെ കാര്യം ആരും ശ്രദ്ധിച്ചിരുന്നില്ല. നിയമസഭാ സാമാജികന്മാരുടെ ആവശ്യമനുസരിച്ചു മാത്രമാണു് ഞാൻ ഇപ്പോൾ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിന്നു പ്രത്യേക കാരണമുണ്ടു്. സാധാരണയായി ബ്രിട്ടീഷ് പാർലമെണ്ടിലും മറ്റും redress of grievance before supply എന്നുണ്ടു്. എന്നാൽ അതു് നമ്മുടെ നിയമസഭയെ സംബന്ധിച്ചേടത്തോളം ഇല്ലത്രെ. ഈ ഉപക്ഷേപം എന്റെ ഉദ്ദേശമനുസരിച്ചു് കൊണ്ടുവന്നിരുന്നുവെങ്കിൽ പ്രസിഡെണ്ടു അതു തള്ളികളയുമെന്നുള്ള ഭയമുണ്ടായിരുന്നു. അതിനാലാണു് ഞാൻ നിയമസഭാ സാമാജികന്മാരുടെ ആവശ്യം മാത്രമായി ഈ ഉപക്ഷേപം മൂടുക്കിയിരിക്കുന്നതു". എല്ലാ നിയമസഭാ സാമാജികന്മാർക്കും ജാതിമതഭേദം കൂടാതെ സ്റ്റാഫ് കാർട്ടേഴ്സു് തുറന്നുകിട്ടിയാൽ ഞാൻ ഉദ്ദേശിച്ച ഫലവും ഉണ്ടാകുന്നതാണു. ഇതിന്നു മുമ്പു് ഒരു ചോദ്യത്തിന്നു ഗവമ്മെണ്ടിൽ നിന്നും ഇങ്ങിനെ ഒരുത്തരം തന്നിട്ടുണ്ടു.—

"Question No. 218.

Hindu Staff-quarters of Irinjalakkuda, Kunnamkualm, Vadakkancheri Nelliampathies and the Satram at Cranganur—these 5 are not open to all."

President—Of which session?

മിസ്റ്റർ കെ. ടി. മാത്യു.—ഇതു് നിയമസഭാ റിപ്പോർട്ടിൽ നിന്നു വെട്ടിയെടുത്തിട്ടുള്ള ഒരു ചെറിയകഷണം കടലാസ്സാണു്. തിയ്യതി ഇതിലില്ലാ. സർ, ഹിന്ദുക്കളിൽ ഒരു ഭാഗം ആളുകൾ ക്ഷേത്രപ്രവേശനം ആവശ്യപ്പെട്ടിന്ന കാലത്തു്—

President—That is not relevant here.

മിസ്റ്റർ കെ. ടി. മാത്യു.—അങ്ങിനെയുള്ള ഈ കാലത്തു ഗവമ്മെണ്ടു് പൊതുജനങ്ങളുടെ പണം കൊണ്ടുണ്ടാക്കീട്ടുള്ള സ്ഥാപനങ്ങളിൽ എല്ലാ ജാതിക്കാർക്കും പ്രവേശനമനുവദിയ്ക്കാതെ ചില പ്രത്യേക വകക്കാർക്കു് മാത്രമെന്നു വയ്ക്കുന്നതു് എത്രയും അനീതിയായിട്ടുള്ളതാണു". ഞാൻ ഇതിനു് മുമ്പു" കൂളം, കിണർ മുതലായവയെ പറ്റി ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ ചില സാമാ

LIBRARY ARCHIVES Kerala Legislative Assembly

ജികന്മാർ അതിനെ എതിർക്കയുണ്ടായി. എന്നാൽ അവരിൽ ചിലർ ഇപ്പോൾ ആ പ്രമേയം, ഗവമ്മെണ്ടു് സ്വീകരിച്ചു് നടപ്പിൽ വരുത്തേണ്ടതിലേയ്ക്കായി, നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളതായി കാണുന്നതിൽ ഞാൻഅത്യന്തം സന്തോഷിയ്ക്കുന്നു. അന്നു നിയമസഭയിൽവെച്ചു് അവർ പറഞ്ഞസമാധാനം അതിനു കാലമായിട്ടില്ല എന്നായിരുന്നു. അതിനു് ഞാൻ അവരോടു് ഉത്തരം പറഞ്ഞതു് കാലമായിയെന്നു അവരെ പഠിപ്പിയ്ക്കുവാൻ വളരെ പ്രയാസമാണെന്നാണു്. ഇപ്പോൾ പൊതുജനങ്ങൾ അങ്ങിനെ വാദിച്ചവരുടെ അഭിപ്രായത്തിൽ നിന്നു മുന്നോട്ടു പോയി കഴിഞ്ഞിരിയ്ക്കുന്നു. അവർക്കു് പൊതുജനാഭിപ്രായത്തിന്റെ പുറകെ പോകേണ്ട കാലമായിട്ടാണു് ഇപ്പോൾ വന്നിരിക്കുന്നതു്. പൊതുജനങ്ങളുടെ അഭിപ്രായത്തെ തുടർന്നു ഇവരും ഇതിയും മുന്നോട്ടു പോയിരിയ്ക്കുന്നതിൽ വച്ചു് ഞാൻ അത്യന്തം സന്തോഷിയ്ക്കുന്നു.

ഗവമ്മെണ്ടിൽ നിന്നു് ജാതിമതഭേദമില്ലാതെ പിരിച്ചെടുക്കുന്ന സംഖ്യകൊണ്ടു പൊതുജനങ്ങൾക്കു് ജാതിമതവ്യത്യാസമില്ലാതെ ഉപയോഗിക്കത്തക്ക സ്ഥാപനങ്ങൾക്കല്ലാതെ പ്രത്യേകിച്ചു് ഒരു കൂട്ടർക്കു മാത്രമായി ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല.

നിയമസഭാ സാമാജികന്മാരുടെ കായ്ത്തെപ്പറ്റി പറകയാണെങ്കിൽ ഒരു സാമാജികനു ഇപ്പോൾ Select committee മെമ്പരുടെ നിലയ്ക്കും മറ്റും പലസ്ഥലങ്ങളിലും പോയി ഒന്നും രണ്ടുംദിവസം താമസിക്കേണ്ടിവരുന്നു. അതിനാൽ ഇക്കാലത്തു് പൊതുജനങ്ങളുടെ പണംപിലവഴിക്കി ഉണ്ടാക്കിയിട്ടുള്ള ഈ staff-quarters എല്ലാ സാമാജികന്മാരുടെയും ആവശ്യത്തിനായി തുറന്നുകൊടുക്കേണ്ടതു് അത്യാവശ്യമായി തീർന്നിരിക്കുന്നു; പൊതുസ്ഥാപനങ്ങളിൽ ജാതിവ്യത്യാസം കൊണ്ടു ഒരു അയ്യപ്പനോ രാമനോ പ്രവേശനം അനുവദിക്കാതിരിക്കയും അയ്യങ്കാക്കോ, പട്ടക്കോ മാത്രം പ്രവേശനം കൊടുക്കുകയും ചെയ്യുന്നതിനു ഇനി അനുവദിക്കുന്നതല്ല. ഈ വക സാഹസ കൃത്യങ്ങൾ ഇനിയും കണ്ടും സഹിച്ചും കൊണ്ടിരിക്കയില്ലെന്നുള്ള സംഗതി വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. അതിനാൽ ഗവമ്മെണ്ടു ഈ കായ്ത്തിൽ എത്രയും വേഗത്തിൽ വേണ്ട നടപടികൾ നടത്തുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ എം. ഡി. നാരായണയ്യർ അഞ്ചെണ്ണം പറഞ്ഞതിന്റെ list ഒന്നു വായിച്ചാൽ കൊള്ളാം. ആ question ന്റെ reference എന്റെ കയ്യിലില്ല.

Mr K. T. Mathew—"Hindu staff-quarters, Irinjalakkuda.
Do Kakkad Palace
near Kunnamkulam.
Do Vadakkancheri Palace.
Sathram—Cranganur.
Hindu Staff-quarters—Nelliampathies."

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഡി. നാരായണയ്യർ—ഈ അഞ്ചെണ്ണവും എല്ലാമതസ്ഥർക്കും തുറന്നുകൊടുത്തിട്ടില്ലെന്നു പറഞ്ഞതിൽ രണ്ടെണ്ണം മാത്രമെ അങ്ങിനെയുള്ളൂ. ഇരിങ്ങാലക്കുടയിലെ ആദ്യത്തെ Staff-quarters നിലത്താണ് ഇപ്പോൾ അതിനു പകരം എല്ലാ ജാതിക്കാർക്കും ഉപയോഗിക്കാവുന്ന ഒരു കെട്ടിടം കുറെ അകലെ ആയിട്ട്—ഇരിങ്ങാലക്കുട അഞ്ചലാഫീസിനടുത്തു—തുറന്നുകൊടുത്തിട്ടുണ്ട്. ആദ്യത്തെ സ്ഥലം കുട്ടൻകുളത്തിനടുത്തു കോവിലകത്തിനു് സമീപമായിരുന്നു. അതിനു Staff-quarters നിലത്ത്; ഇപ്പോൾ തുറന്നിട്ടുള്ളതു് ആർക്കും ഉപയോഗിപ്പാൻ വിരോധമില്ല. അതുപോലെ തന്നെയാണു് നെല്ലിയാംപതി. അതിനു Staff-quarters. പിന്നെ കുറച്ചു ബുദ്ധിമുട്ടുള്ളതു് കൊടുങ്ങല്ലൂരും വടക്കാഞ്ചേരിയിലുമുള്ള Staff quarters ആണു്. വടക്കാഞ്ചേരിയിലുള്ളതു് അവിടത്തെ അമ്പലത്തിനും കൊടുങ്ങല്ലൂർ ഉള്ളതു് അവിടത്തെ കാവിനും വളരെ സമീപമാണു്. അതുകൊണ്ടു് ഈ രണ്ടു സ്ഥലങ്ങളിലും ഇപ്പോഴത്തെ സമ്പ്രദായപ്രകാരം എല്ലാ ജാതിക്കാർക്കും ഒരുപോലെ ഉപയോഗിപ്പാൻ അസാദ്ധ്യമായിട്ടാണിരിക്കുന്നതു്. ഈ രണ്ടു തടസ്ഥങ്ങൾ കൊണ്ടാണു് ഈ പ്രതിഷേധം നടപ്പിൽ വെച്ചു കൊണ്ടിരിക്കുന്നതു്. എന്നാൽ ഈ സമ്പ്രദായം കാലക്രമം കൊണ്ടു പോകുവാനുള്ള അടയാളങ്ങളും ഇപ്പോൾ കാണുന്നുണ്ടു്. അതു പോയാൽ പിന്നെ എല്ലാ ജാതിക്കാർക്കും പ്രവേശിപ്പാൻ യാതൊരു വിരോധവുമുണ്ടായിരിക്കയില്ല.

മിസ്റ്റർ ജോസഫ് പേട്ട.—ഈ രണ്ടു സ്ഥലങ്ങളിൽ ഈ കെട്ടിടങ്ങൾ അല്ലാതെ വേറെ താമസിപ്പാൻ സൌകര്യങ്ങൾ ഉള്ള സ്ഥലങ്ങൾ ഉണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ—വടക്കാഞ്ചേരിയിലുണ്ടു്. കൊടുങ്ങല്ലൂർ കുളപ്പടന്നയിൽ—രണ്ടു നാഴികയകലെ—ഉണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ—വടക്കാഞ്ചേരിയിൽ ഇതിലും കൂടുതൽ സൌകര്യം ഉള്ള സ്ഥലം ഉണ്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—വടക്കാഞ്ചേരിയിൽ ധാരാളം സ്ഥലമുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഒന്നോ രണ്ടോ സ്ഥലമേ പ്രവേശനമില്ലാത്തതായിട്ടുള്ളു എന്നു ഗവർമ്മെണ്ടു പറയുകയുണ്ടായി. അപമാനത്തിനു എണ്ണം അധികം വേണമോ? താമസിയ്ക്കാൻ സൌകര്യത്തിനുവേണ്ടി മാത്രമാണു് ഈ വാദം നടത്തുന്നതെന്നു ഗവർമ്മെണ്ടു ധരിയ്ക്കുന്നതു്. രാജ്യത്തെ പൊതുവായ സ്ഥാപനങ്ങളിൽ ചിലതു നാമമാത്രമായക്കാർക്കു് പ്രവേശനമില്ലാത്തതു അവർക്കു് അവകാശനഷ്ടവും അപമാനകാരണവുമാണു്. അതിനെ പരിഹരിയ്ക്കണമെന്നുള്ളതാണു്. ഈ മാതിരി ഉപക്ഷേപങ്ങളുടെ ഉദ്ദേശം. പൊതു സ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

പനങ്ങൾ ചില ജാതിക്കാർക്കായി മാത്രം നടത്തുന്നതിനെ ആ ജാതികളിൽ പെട്ടവർ തന്നെ എതിർക്കേണ്ടതാണു്. അല്ലെങ്കിൽ നാം കേൾക്കുന്ന നാഷനലിസ്റ്റ് വാദത്തിനും മറ്റും എന്തർത്ഥമാണുള്ളതു"? സ്റ്റാഫ് കാറ്റേർസിൽ എല്ലാവർക്കും പ്രവേശനം കൊടുത്തിരിയ്ക്കുന്നതായി പ്രഖ്യാപനം ചെയ്യാൻ ഗവർമ്മെണ്ടിനു് ഒരു പ്രയാസവുമില്ലാത്തതാണു്. അതെങ്കിലും ഗവർമ്മെണ്ടു ചെയ്യാതിരുന്നാൽ കഷ്ടമായിരിയ്ക്കും. അതിലും വലിയ സംഗതികൾക്കായിട്ടാണല്ലോ ഇപ്പോൾ ഇന്ത്യാ മുഴുവൻ വാദം നടക്കുന്നതു്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഞാൻ മിസ്റ്റർ അയ്യപ്പന്റെ അഭിപ്രായത്തോടു യോജിക്കുന്നു. എന്താണെന്നുവെച്ചാൽ, ഏതോരു സമുദായത്തിന്റെ ഏതോരു ജനവിഭാഗത്തിന്റെ, അവകാശങ്ങളെയാണോ തള്ളിക്കളഞ്ഞിട്ടുള്ളതു്, അതു കൂട്ടർ അതിനെപ്പറ്റി വാദപ്രതിവാദം നടത്തുമ്പോൾ അതു അവരുടെ സ്വാർത്ഥമാണെന്നു വിചാരിപ്പാൻ ഇടയുണ്ടു. ഈ മാതിരി സംഗതികളിൽ ഇങ്ങനെ ഒരു പ്രത്യേക അവശത അനുഭവിച്ചുകൊണ്ടിരിയ്ക്കുന്ന ആളുകളുടെ അസമത്വങ്ങളെ ദൂരീകരിയ്ക്കണമെന്നുള്ള അഭിപ്രായക്കാരിൽ ഒരുത്തനാണു് ഞാനും. എല്ലാ സ്ഥലങ്ങളിലും ഇങ്ങിനെയുള്ള അസമത്വങ്ങളെ ഇല്ലായ്മ ചെയ്യേണമെന്നു മുറവിളി കൂട്ടുന്ന കാലമാണിതു്. പ്രത്യേക പ്രാതിനിധ്യം എന്തിനു"? പൊതു പ്രാതിനിധ്യം മതി, എന്നെല്ലാമാണു് ജനങ്ങൾതന്നെ പറയുന്നതു്. അതിനേക്കാൾ നല്ലതു് ഈവക അസമത്വങ്ങളെ പ്രദർശിപ്പിയ്ക്കുന്ന സ്ഥാപനങ്ങളെ ഓരോന്നായി ഇല്ലാതാക്കി അവയെ പ്രവൃത്തികൊണ്ടു് ഐകമായ നിലയിൽ നടത്തിക്കാണിച്ചു കൊടുക്കുന്നതാണു്. മുൻകൂത്തിൽ മനോരമണ്ടോ സ്ഥാപനം മാത്രമേ ഉള്ളു എങ്കിലും സവർണ്ണ ഹിന്ദുക്കൾക്കുള്ള ഒരൊറ്റ സ്ഥലത്തെങ്കിലും ചില സമുദായക്കാർക്കു" പ്രവേശനമില്ലെന്നു കാണുമ്പോൾ ആ സമുദായക്കാർക്കു് തീവ്രയായും വലിയ അസഹ്യത ഉണ്ടാകുക തന്നെ ചെയ്യും. കുറച്ചു കാലം മുമ്പുതീവണ്ടിയിൽ "Reserved for Eurasians and Anglo-Indians" എന്നു ചില മുറികളിന്മേൽ പരസ്യമുണ്ടായിരുന്നു. അതുകൊണ്ടു് എല്ലാവർക്കും വലിയ അസഹ്യതയും തോന്നിയിരുന്നു. നാട്ടിൽ സമമായി കഴിഞ്ഞുകൂടേണ്ടവർക്കു് ഗവർമ്മെണ്ടു പ്രത്യേക മതം, സമുദായം എന്നീ കാരണങ്ങൾകൊണ്ടു് ചില സ്ഥലങ്ങളിൽ മറ്റുള്ളവരോടൊപ്പം തങ്ങൾക്കും പൌരാവകാശങ്ങൾ ഇല്ലെന്നു വരുമ്പോൾ വലുതായ മനോവേദന ഉണ്ടാകുന്നതാണു്. ക്ഷേത്രത്തിനടുത്തു് പ്രവേശനം എല്ലാവർക്കും വേണമെന്നല്ല ഇവിടെ പറയുന്നതു്. ഈ മാതിരിയുള്ള സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ചിലവുകൊണ്ടു ഉണ്ടാക്കിയിട്ടുള്ളതാകയാൽ അവയെ അവിടേനിന്നു മാറ്റിയിട്ടെങ്കിലും എല്ലാതരക്കാർക്കും പ്രവേശിപ്പാനുള്ള സൌകര്യം ചെയ്തു കൊടുക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതാണ്. ഈ പരിശ്രമം ഉടനെ ചെയ്യേണമെന്നുള്ള അഭിപ്രായത്തോടുകൂടിയാണ് ഞാൻ ഇതിനെ പിന്താങ്ങുന്നതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—എനിയ്ക്കു മുമ്പു് ചില മെമ്പർമാർ സംസാരിച്ചതു കേട്ടിട്ടോ, മിസ്റ്റർ അയ്യപ്പൻ പറഞ്ഞ സംഗതികൾ മാത്രം വെച്ചുകൊണ്ടോ അല്ല ഞാൻ സംസാരിയ്ക്കാൻ ഉദ്ദേശിച്ചതു്. മുൻകൂട്ടിതന്നെ ഇതിനെക്കുറിച്ചു രണ്ടു വാക്കു പറയണമെന്നു ഞാനുദ്ദേശിച്ചിരുന്നു. എനിയ്ക്കു മുമ്പു് സംസാരിച്ച മെമ്പർമാരെ പോലെ ഫലിതമായും, ഭംഗിയായും സംസാരിയ്ക്കുവാൻ കഴിവില്ലായ്കയാലാണ് ഇതിനുമുമ്പു് അതിനു തുനിയാഞ്ഞതു്. എങ്കിലും എന്റെ അഭിപ്രായംകൂടി ഇവിടെ പറയാമെന്നു മാത്രമേ ഞാൻ വിചാരിയ്ക്കുന്നുള്ളു. അതുകൊണ്ടു് എനിയ്ക്കു പ്രത്യേകം ചില അവശതകളനുഭവിയ്ക്കുന്ന ആളുകളുടെ കാര്യത്തിൽ ഉത്സാഹമില്ലെന്നു അതും വിചാരിയ്ക്കേണ്ടാ. ഇപ്പോഴത്തെ അവശതകളെ അനുഭവിച്ചു വരുന്നവരുടെയിടയിലുള്ള ഈ വക വിഷയങ്ങളെ സംബന്ധിച്ചു കാര്യങ്ങൾക്കുവേണ്ടി മേലു്മേൽ പ്രവൃത്തിച്ചു" അവരുടെ അന്ധകാരങ്ങളെ ക്രമേണ ഇല്ലാതാക്കുവാനായി പരിശ്രമിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു കാലമാണിതു്. അങ്ങിനെയുള്ള ഈ അവസരത്തിൽ ഈ വക സംഗതികളെ സംബന്ധിച്ചു പറയുമ്പോൾ പ്രത്യേകിച്ചും നല്ല പരിചയും അറിവുമുള്ള നിയമസഭാ സാമാജികന്മാരിൽനിന്നും ഇതുപോലുള്ള അഭിപ്രായങ്ങൾ ഒരിയ്ക്കലും ഉണ്ടാകുമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. ഇന്നു ലോകത്തിൽ എറവും മഹാനായ മഹാത്മാഗാന്ധി (ഹീയർ, ഹീയർ) തന്റെ ജീവനെ തൃജിച്ചു്, പട്ടിണികിടന്നു് മരിയ്ക്കുവാൻ ഒരുങ്ങിയിരിയ്ക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ഇതരാദി കാര്യങ്ങളെ പറ്റിയും ഇന്നുള്ള അനീതികളെ പറ്റിയും വിചാരിയ്ക്കാത്ത ആളുകൾ ഈ ലോകത്തിൽ അധികമൊന്നും ഉണ്ടായിരിയ്ക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. എന്നാൽ ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സ്വീകരിച്ചു പ്രവൃത്തിയ്ക്കുവാൻ സാധിയ്ക്കാത്തതു കൊണ്ടാണ് ഇങ്ങനെ മിണ്ടാതിരിയ്ക്കുന്നതു്. അല്ലാതെ ഈ അനീതികളെ ഇനിയും നിലനിറുത്തിക്കൊണ്ടു പോകണമെന്നുള്ള ഉദ്ദേശം വച്ചുകൊണ്ടിരിയ്ക്കുന്നവർ ഈ ലോകത്തു് വളരെ ദുർല്ലഭമായിട്ടേ കാണുകയുള്ളു എന്നുള്ള സംഗതിയേയും ഈ സഭയുടെ അറിവിനായി ഇവിടെ പറഞ്ഞു കൊള്ളുന്നു.

ഇനി ഒരു പ്രത്യേക വിഷയത്തെപറ്റി മാത്രം ഒരു സംഗതി പറയുവാനുണ്ടു്. കോട്ടർ മെമ്പർ അവർകൾ ഇവിടെ പറഞ്ഞ അഭിപ്രായത്തെ കുറിച്ചാണതു്. ഈ സ്ഥാപനങ്ങൾ ഇപ്പോൾ ഇരിയ്ക്കുന്ന സ്ഥലത്തു് എല്ലാവർക്കും പ്രവേശിയ്ക്കുവാൻ നിവൃത്തിയില്ലെങ്കിൽ അവയെ എല്ലാവർക്കും പ്രവേശിയ്ക്കുവാൻ സൌകര്യമു

LIBRARY ARCHIVES Kerala Legislative Assembly

ള്ള സ്ഥലത്തെയ്ക്കുമാറ്റി സ്ഥാപിക്കണമെന്നാണ് അദ്ദേഹം പറഞ്ഞ അഭിപ്രായം. ഇപ്പോൾ അവ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ തന്നെ എല്ലാവർക്കും പ്രവേശിയ്ക്കുവാനുള്ള സൌകര്യം കൊടുക്കണമെന്നാണ് എനിയ്ക്കു പറയുവാനുള്ളതു് (ഹീയർ, ഹീയർ) ക്ഷേത്ര സന്നിധിയിലാണ് സ്റ്റാഫ് കോർട്ടേഴ്സ് ഇരിയ്ക്കുന്നതെങ്കിലും അവിടെ അസമത്വം ഗണിയ്ക്കുവാൻ പാടില്ലാത്തതാണ്. ഏതു ക്ഷേത്രത്തിനടുത്തു് അവ സ്ഥിതിചെയ്യുന്നുവൊ അവിടേയും, ആ ക്ഷേത്രത്തിൽ തന്നെ ജാതിഭേദം കൂടാതെ സകലർക്കും പ്രവേശനം അനുവദിയ്ക്കുന്നതാണെന്നു.....

President.—Please speak about Staff quarters. That is not relevant to the point. Temple-entry has nothing to do with this.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ക്ഷേത്രപ്രവേശനം വേണോ വേണ്ടയോ കൊടുക്കണോ കൊടുക്കണ്ടയോ എന്നൊന്നും ഞാൻ ഗവർമ്മെണ്ടിനോടു ശുപാർശി ചെയ്യുന്നില്ല. ആ വിഷയത്തെ സംബന്ധിച്ചു് ഇവിടെ സംസാരിയ്ക്കുവാൻ പാടില്ലെന്നാണു പറയുന്നതെങ്കിൽ ഞാൻ അതിനെപ്പറ്റി സംസാരിയ്ക്കുന്നില്ല. എന്നാൽ ഇപ്പോഴത്തെ കാലസ്ഥിതിയനുസരിച്ചു് ജനങ്ങളുടെ മനസ്ഥിതി മാറിവരുന്നുകൊണ്ടിരിയ്ക്കുന്ന ഈ ഘട്ടത്തിൽ ക്ഷേത്രപ്രവേശനത്തിനായുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്ന ഇന്നത്തെ സ്ഥിതിയിൽ ആ വാക്കു് ഇവിടെ ഉപയോഗിയ്ക്കുന്നതു് ശരിയല്ലെന്നു ഞാനുദ്ദേശിയ്ക്കുന്നില്ല. അതു് ഉപയോഗിയ്ക്കാൻ പാടില്ലെന്നു തടയുന്നപക്ഷം ഉപയോഗിയ്ക്കാതിരിയ്ക്കുന്നതിനും എനിയ്ക്കു വിരോധമില്ല. പക്ഷെ ആ ഒരു വാക്കു ഇവിടെ ഉപയോഗിയ്ക്കുന്നതു് ശരിയല്ലെന്നു നിയമം മൂലം തടഞ്ഞിട്ടില്ലെന്നാണു ഞാൻ വിചാരിച്ചിരുന്നതു്. അതിനു നിയമം ഉള്ളപക്ഷം, അങ്ങിനെ ഒരു റൂളിംഗ് (ruling) ഉണ്ടാവുന്നപക്ഷം, ഞാൻ ആ ഇഷ്യൂവിനെ സംബന്ധിച്ചതന്നെ സംസാരിയ്ക്കുന്നില്ല.

President.—That the Staff-quarters should be open to all is the issue here. Temple-entry has nothing to do with this. That is my ruling.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ഇപ്പോഴുള്ള സ്റ്റാഫ് കോർട്ടേഴ്സ് ഇരിയ്ക്കുന്ന സ്ഥലം ക്ഷേത്രത്തിന്റെ അടുത്താണെങ്കിൽ, അതു് ഇപ്പോഴത്തെ നടപടിയനുസരിച്ചാണെങ്കിൽ തന്നെയും ക്ഷേത്രമതിലിനു പുറത്തുള്ളതാണല്ലൊ. ആ സ്ഥിതിയ്ക്കു് അവിടെ യാതൊരു വിധത്തിലും എല്ലാ ജാതിക്കാർക്കും പ്രവേശിച്ചു കൂടെന്നു പറയുന്നതു ശരിയല്ല. ക്ഷേത്രമതിലിനു പുറത്തായ്കൊണ്ടു ന്യായമായി സകലർക്കും പോകാവുന്ന ഒരു സ്ഥലമാണതു്. ഈ മാതിരിയുള്ള സ്ഥാപനങ്ങളിൽ ഒരു ജാതിക്കാർക്കു മാത്രമെ പോകാവൂ, ഒരു ജാതിക്കാർക്കു പോയിക്കൂടാ എന്നുള്ളതിനു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമവുമില്ല, നടവടിയുമില്ല. അതുകൊണ്ടു് ഈമാതിരി ഓരോ വിധത്തിലുള്ള അംസൊകൾങ്ങൾ വാറഞ്ഞു് അവിടെ ഒരു പ്രത്യേക ജാതിക്കാക്കു മാത്രമെ കൊടുക്കുവാൻ പാടുള്ളുവെന്നു് ഗവമ്മെണ്ടു് നിശ്ചയിയ്ക്കുന്നതു ശരിയല്ല. അങ്ങിനെ വരണമെങ്കിൽ അതിനു് മറെന്തെങ്കിലും കാരണങ്ങളുണ്ടായിരിയ്ക്കണം. അതിനു വല്ല സംസ്കൃത പുസ്തകങ്ങളൊ മറൊ ആയിരിയ്ക്കാം ഹേതു. അതു മാത്രം അടിസ്ഥാനമാക്കിവെച്ചുകൊണ്ടു ഇപ്രകാരം ക്ഷേത്രത്തിനു പുറത്തുള്ള ഈ സ്ഥലത്തു ഇന്ന ജാതിക്കാക്കു മാത്രം പോകാം, ഇന്ന ജാതിക്കാക്കു പോയിക്കൂടാ എന്നു പറയുന്നതു് ശരിയായിട്ടുള്ളതല്ലെന്നാണു് എന്റെ അഭിപ്രായം. പൊതു ജനങ്ങളുടെ പണം കൊണ്ടുണ്ടാക്കി വെച്ചിട്ടുള്ള ഒരു സർക്കാർ കെട്ടിടത്തിൽ ചിലർക്കുമാത്രം കടക്കാൻ പാടില്ലെന്നു പറയുന്നതു വാസ്തവത്തിൽ ശരിയായ ഒരു അടിസ്ഥാനം വെച്ചുകൊണ്ടു പറയുന്നതല്ലെന്നാണു് എന്റെ അഭിപ്രായത്തിൽ എനിയ്ക്കു തോന്നുന്നതു്. അതുകൊണ്ടു് ഗവമ്മെണ്ടു് ഈ കാര്യത്തെപറ്റി നല്ലവണ്ണം ആലോചിച്ചു് ആവശ്യമില്ലാതെ ഈ iniquity മേലിലും നിലനിർത്താതിരിയ്ക്കുവാൻ ശ്രമിയ്ക്കുമെന്നാണു് ഞാൻ വിശ്വസിയ്ക്കുന്നതു്.

മിസ്റ്റർ എം. കെ. രാമൻ.—നമ്മുടെ ഗവമ്മെണ്ടു് ഇതിനെ യാഥാസ്ഥിതികത്വം ആക്കുവേണ്ടിയാണു് പരിപാലിച്ചു പോരുന്നതെന്നു് അറിയുവാനായി വളരെ ശ്രദ്ധയായി അതിനെപറ്റി ആലോചിച്ചിട്ടും യാതൊരു പിടിയും കിട്ടാത്തതുകൊണ്ടാണു് ഞാൻ ഈ വിഷയത്തെ സംബന്ധിച്ചു ചില കാര്യങ്ങൾ ഇവിടെ പറയുവാൻ വിചാരിയ്ക്കുന്നതു്. ഈ നാട്ടിലെ ജനങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും അറിയുവാനുള്ള മുഖ്യമായ മാർഗ്ഗങ്ങൾ ഈ നാട്ടിലെ പത്രങ്ങളും ഓരോരൊ സമാജങ്ങളും മുഖാന്തിരമാണു്. ആ പത്രങ്ങളും സമാജങ്ങളും എന്തു പറയുന്നു? പത്രങ്ങളിൽകാണുന്ന ലേഖനങ്ങളും, സമാജങ്ങൾ കൂടി പാസാക്കപ്പെടുന്ന നിശ്ചയങ്ങളും നോക്കുകയാണെങ്കിൽ ജനങ്ങൾ യാഥാസ്ഥിതികത്വത്തിനെതിരായിട്ടുനിന്നാണു് ശക്തിയായി വാദിയ്ക്കുന്നതെന്നും, അപ്രകാരം ജനങ്ങൾ ഇഷ്ടപ്പെടാത്തതായയാഥാസ്ഥിതികത്വത്തെ ഗവമ്മെണ്ടാണു് ആവശ്യമില്ലാതെ വച്ചുകൊണ്ടിരിയ്ക്കുന്നതെന്നും സ്പഷ്ടമായി കാണാം. ജനങ്ങൾതന്നെ പഴയ മാമൂലുകൾക്കു് എതിരായി ഇത്രയും ശക്തിയായി വാദിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തിൽ ഈ ബഹുമാനപ്പെട്ട ഗവമ്മെണ്ടു് പിന്നെ ആക്കുവേണ്ടിയാണു് ഈ യാഥാസ്ഥിതികത്വത്തെ വിടാതെ മുറുകെ പിടിച്ചുതൂങ്ങിക്കൊണ്ടിരിയ്ക്കുന്നതെന്നാണു് ഞാൻ ചോദിയ്ക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—സനാതന ഹിന്ദുധർമ്മത്തിനുവേണ്ടി.

മിസ്റ്റർ എം. കെ. രാമൻ.—സനാതന ഹിന്ദുധർമ്മം! ഈ ഗവമ്മെണ്ടിനു് വല്ല ധർമ്മബോധവുമുണ്ടോ? നമ്മുടെ രാജ്യവും, അ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തുള്ള മറ്റു രാജ്യങ്ങളുമായുള്ള വ്യത്യാസം നോക്കുക! മറ്റുള്ള നാടുകളിൽ ക്ഷേത്രങ്ങളെല്ലാം എല്ലാ ജാതിക്കാർക്കും പ്രവേശിക്കുന്നതുകൊണ്ടാണ് ഇവിടെ കഴിഞ്ഞിട്ടുണ്ട്, ധർമ്മം അങ്ങനെയാണ് അവിടങ്ങളിൽ പാലിക്കുന്നത്.

President.—Reference to temple-entry is quite out of place. The cut motion is about staff-quarters.

Mr. M. K. Raman.—I am only drawing a comparison between the other States and this State.

President.—The Hon'ble Member will note that the cut motion is about staff-quarters. He will please confine his remarks to the staff-quarters.

Mr. M. K. Raman.—I am only drawing a comparison to show how far we lag behind considering other similar States.

President.—Comparisons are not called for.

Mr. M. K. Raman.—If even the word 'temple-entry' cannot be used, I have to bow to the decision of the President.

President.—That is my ruling.

മിസ്റ്റർ എം. കെ. രാമൻ.—ഇപ്പോൾ ഈ നാട്ടിലുള്ള സ്റ്റാഫ് കാർട്ടേഴ്സുകൾ എല്ലാം ഈ നാട്ടിലെ എല്ലാ ജനങ്ങൾക്കും പ്രവേശനയോഗ്യമാക്കി തീർക്കണമെന്നുള്ള എത്രയോ മഹത്തായ ഈ പ്രമേയം ഇതാ അവതരിപ്പിച്ചിരിക്കുന്നു. ഇനിയും രണ്ടു മൂന്നെണ്ണം എല്ലാവർക്കും പ്രവേശനമില്ലാതാണിരിക്കുന്നതെന്നു ഗവർമ്മെണ്ടു മറുപടിയിൽ സമ്മതിച്ചു പറയുകയും ചെയ്തിട്ടുണ്ട്. മറുടിക്കുകളിൽ മാനമുള്ള പരിഷ്കൃത ഗവർമ്മെണ്ടുകൾ ചെയ്യുന്നതൊക്കെ കണ്ടുകൊണ്ടു ഈ നമ്മുടെ ഗവർമ്മെണ്ടിനു് ഇതിലേയ്ക്കു പരിഹാരമുണ്ടാക്കുവാൻ സാധിയ്ക്കുകയില്ലെന്നു പറയുന്നതിനു് തീരെ സങ്കോചമില്ലാതെ പോയല്ലോ എന്നു വിചാരിച്ചു ഞാൻ ഗവർമ്മെണ്ടിന്റെ മനസ്ഥിതിയെപറ്റി പരിതപിയ്ക്കുന്നു.

Mr. A. Sankara Poduval.—On a point of information, Sir. May I know whether the staff-quarters are meant only for Government servants?

Mr. M. D. Narayana Ayyar.—Primarily for Government servants. If they are not occupied by Government officers any other person can occupy.

Dr. A. G. Menon.—Suppose at that time a Government officer comes; are the occupants to vacate it?

Mr. M. D. Narayana Ayyar.—Yes.

Dr. A. G. Menon.—So it is primarily for Government officers.

മിസ്റ്റർ കെ. ടി. മാത്യു.—ഗവർമ്മെണ്ടു് വേറെ ഒരു ഭാഗത്തു പറഞ്ഞിട്ടുള്ള മറുവടിയും, ഇപ്പോൾ പറഞ്ഞിട്ടുള്ള മറുവടിയും നോക്കിയാൽ രണ്ടിലും പരമാർത്ഥമുണ്ടെന്നു ഞാൻ വിശ്വസിയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. ഒരു തല്ലാലയുക്തി മാത്രമാണോ ഇപ്പോൾ പറഞ്ഞ മറുപടിയെന്നു ഞാൻ ബലമായി സംശയിയ്ക്കുന്നു. ഈ സംശയത്തിനു് കാരണം എന്റെ കയ്യിലുള്ള ചില രേഖകളാണു്. ഇപ്പോൾ ഗവമ്മെണ്ടു് പറയുന്നതു് അമ്പലം അടുത്തായിരിയ്ക്കുന്നതുകൊണ്ടു് തല്ലാലം എല്ലാ ജാതിക്കാർക്കും പ്രവേശനാനുവാദം കൊടുക്കുവാൻ പാടില്ലാതിരിയ്ക്കുന്നുവെന്നാണു്. എന്നാൽ മുമ്പൊരിയ്ക്കൽ ഗവമ്മെണ്ടിൽനിന്നും പറഞ്ഞിട്ടുള്ള മറുപടി ഇതല്ല. ഇതു രണ്ടുംകൂടി നോക്കുമ്പോഴും അന്നു പറഞ്ഞതാണോ, ഇപ്പോൾ പറഞ്ഞതാണോ ശരിയെന്നറിയുവാൻ പാടില്ലാ. ഇന്നു പറയുന്നതു് ക്ഷേത്രത്തിനടുത്തായതുകൊണ്ടാണെന്നാണല്ലോ. എന്നാൽ മുമ്പു് എന്റെ ഒരു ചോദ്യത്തിനു് പറഞ്ഞിരിയ്ക്കുന്ന മറുപടി ഇതാണു്:

"Many of the Hindu Staff-quarters are meant to be used for Princes as they were originally Palaces."

ഈ തത്വത്തിന്മേലാണു് സ്റ്റാഫ് കാർട്ടേഴ്സെല്ലാം ഇപ്പോഴും എല്ലാവർക്കും ഉറന്നുകൊടുക്കാത്തതെന്നു് ന്യായം പറയാമായിരുന്നു. അന്നും ഇന്നും ഓരോതരം ന്യായങ്ങൾ പറയാതെ ഒന്നുതന്നെ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ഈ വിഷയത്തെപ്പറ്റി ഇവിടെ പറകയില്ലായിരുന്നു. രണ്ടു പ്രാവശ്യം പറഞ്ഞിട്ടുള്ള മറുപടികളിൽനിന്നു ഏതാണു് ന്യായം, ഏതാണു് അന്യായമെന്നു കാണുവാൻ നിങ്ങൾക്കു കഴിയുമോ? ഇങ്ങനെയുള്ള ദുർയുക്തികൾ അവസരംപോലെ പറഞ്ഞു് നിയമസഭാമെമ്പറന്മാരെ കളിപ്പിച്ചു് അവരുടെ കണ്ണിൽ പൊടിയിട്ടു പറഞ്ഞയയ്ക്കുവാനുള്ള സൂത്രം പ്രയോഗിയ്ക്കുന്നതു് ഒരിയ്ക്കലും ന്യായമായിട്ടുള്ളതല്ല.

ഈ മാതിരി സൂത്രങ്ങൾകൊണ്ടു് ഞങ്ങളെ എല്ലാം ഗവമ്മെണ്ടു് കളിപ്പിയ്ക്കുകയാണു ചെയ്യുന്നതു്. ഗവമ്മെണ്ടു് സത്യം, നീതി, ന്യായം എന്നിവ നിലനിർത്തുന്നതിനല്ല ശ്രമിയ്ക്കുന്നതു്. നമ്മുടെയോരോ ജില്ലയ്ക്കു് സത്യമായമറുപടി തന്നിരുന്നുവെങ്കിൽ ഒരു വിരോധവും നമുക്കുതോന്നുവാനിടയില്ല. എന്നാൽ നമ്മുടെ ഗവമ്മെണ്ടു് ചെയ്യുന്നതു് അങ്ങിനെയല്ല; ഓരോസമയത്തും, ഓരോകാലത്തും, ഓരോ നാഴികയിലും ഈ സാമാജികന്മാരുടെ കണ്ണിൽ പൊടിയിടുന്നതിനു് ഒന്നിനും യോജിക്കാത്ത ഓരോമറുപടിയാണു് പറയുന്നതു്. ഇതു് ഏറ്റവും വലുതായ ഒരു വിശ്വാസവഞ്ചനയാണെന്നുള്ളതുകൂടി ഈ അവസരത്തിൽ ഞാൻ ഗവമ്മെണ്ടിനെ ധരിപ്പിച്ചുകൊള്ളട്ടെ.

Mr. M. D. Narayana Ayyar.—I would like to know the authority for making that statement.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. T. Mtahew—I read it from the Council Proceedings.

ഗവമ്മേണ്ടിനോടു് അനുഭാഗസ്ഥ മെമ്പറന്മാർ ചോദിയ്യുന്ന ചോദ്യത്തിനു് വാസ്തവമായ ഉത്തരം പറയാതെ ഗവമ്മെണ്ടു് അവരെ തെറ്റിധരിപ്പിയ്യുന്നു. ഇതെന്തിനാണു്? അവാസ്തവങ്ങളെ പറഞ്ഞി വർണ്ണിച്ചു് വീണ്ടും പ്രസ്താവനകൾ എത്ര കാലം നിലനില്ലും? സത്യം പുറത്തുവരാതെയിരിക്കുമൊ? സത്യം പുറത്തുവരുമെങ്കിൽ, പിന്നെയെന്തിനാണു് വിശ്വാസവഞ്ചനയ്യു ഗവമ്മെണ്ടു്. ഒരുപൊട്ടന്നതു്, ഗവമ്മെണ്ടിന്റെ മറുപടി യഥാർത്ഥമായിട്ടുള്ളതായിരുന്നുവെങ്കിൽ അതിനെസംബന്ധിച്ചു് ഇവിടെ പ്രതിപാദിയ്യുകയില്ലായിരുന്നു. ഞങ്ങളെ കളിപ്പിക്കുന്നതിനായി, അവസരത്തിനു യോജിച്ചവിധത്തിൽ സത്യം മറച്ചുവെച്ചിട്ടുള്ള മറുപടികൾ പറയുന്നതിൽ ഞങ്ങൾക്കുള്ള മനസ്താപം കൊണ്ടാണു് ഇത്രയും പറയുന്നതു്. ഇപ്പോൾ പറയുന്ന ന്യായം അമ്പലത്തിനടുത്തായതുകൊണ്ടു മറ്റു ജാതിക്കാർക്കു പ്രവേശിയ്യുവാൻ പാടില്ല എന്നാണു". മുമ്പുതന്ന മറുപടിയ്യുശേഷം ഇതുവരെയായി രണ്ടുമൂന്നു കൊല്ലങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ ഗവമ്മെണ്ടിനു ഈ കാര്യത്തിൽ യാതൊരു നിവാരണമാർഗ്ഗവും കണ്ടുപിടിയ്യുവാൻ കഴിഞ്ഞിട്ടില്ലെന്നു കാണുന്നു. ഇതിൽനിന്നുതന്നെ ഗവമ്മെണ്ടിൽനിന്നു ഇപ്പോൾ കൊണ്ടുവരുന്ന വാദങ്ങളെല്ലാം വൃഥാ ആണെന്നു് മനസ്സിലാകും. ഞങ്ങൾ ഇവിടെ പറയുന്നസംഗതികളെല്ലാം ഇവിടെ ഇരുന്നുകൊണ്ടു ഒരു ചെവിയിൽകൂടി കേൾക്കുകയും മറൊരു ചെവിയിൽകൂടി വിട്ടുകളകയുമാണു ഉദ്യോഗാംഗങ്ങൾ ചെയ്യുന്നതു്. ഞങ്ങളുടെ ന്യായമായ അഭിപ്രായങ്ങൾക്കു അനുസരണമായി എന്തെങ്കിലും ചെയ്യുന്നതിനു് കടലാസിൽ നോട്ടുചെയ്യുന്നുണ്ടൊ എന്നുള്ളകാര്യവും സംശയമാണു്. അതിൽനിന്നുതന്നെ, ഞങ്ങളുടെ അഭിപ്രായങ്ങൾ നടപ്പിൽവരുത്തുന്നതിനു് ഗവമ്മെണ്ടു മെമ്പറന്മാർക്കും ശ്രദ്ധയുണ്ടെന്നു കരുതാൻതരമില്ല. ദിവാൻ സിക്കുട്ടറി മുമ്പെല്ലാം കടലാസിൽ നോട്ടുകുറിക്കാറുണ്ടായിരുന്നു. എന്നാൽ അദ്ദേഹവും അതിനാവശ്യമില്ലെന്നു മനസ്സിലാക്കിക്കഴിഞ്ഞു! ഏതായാലും ഇനിയെങ്കിലും ഗവമ്മെണ്ടു് കപടസൂത്രങ്ങൾ ഉപയോഗിക്കാതെ, തൃപ്തിയില്ലാത്ത മറുപടികൾ പറയാതെ പൊതുജനങ്ങളിൽനിന്നു് ജാതിമതവിദ്വേഷം കൂടാതെ പിരിച്ചെടുക്കുന്നസംഖ്യ ജാതിമതവിദ്വേഷം കൂടാതെചിലവാക്കേണ്ടതാണു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ—എനിയ്യു മുമ്പുപറഞ്ഞിട്ടുള്ളതിൽനിന്നും കൂടുതലായി ഒന്നും പറയുവാനില്ല.

Motion put and carried.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan.—A poll, Sir.

The House divided Ayes 17, Noes 11, and Neutals 4.

	Ayes.		Noes.
1	Mr K Ayyappan	1	Mr. K Achyuta Menon
2	,, M A Chakko	2	,, M P Cherian
3	Dr. A. G. Menon	3	,, U Kandar Menon
4	Mr K G Nayar	4	,, C J Mathew
5	,, George Chakyamuri	5	,, T Narayana Menon
6	,, E Ikkanda Warriar	6	,, M D Narayana Ayyar
7	,, Joseph Pettah	7	,, P Nilakanta Menon
8	,, P S Kesavan Nambudiri	8	Dr. D Raghavendra Rao
9	,, S S Koder	9	Rama Varmha Tampuran
10	,, P Kumaran Ezhuthassan	10	Mr P V Raphael
11	,, K T Mathew	11	,, P V Subramania Ayyar
12	,, Paul Mampilli		
13	,, P Raman Menon		
14	,, M K Raman		
15	,, A Sankara Menon		
16	Dr. K Sankara Menon		
17	Mrs. Swaris		

Neutrals.

1 Mr M Krishna Menon
2 ,, P Krishna Menon
3 ,, T A Ramachandra Ayyar
4 ,, A Sankara Poduval

Motion No. 2.

President.—Next we shall take up the motion standing in the name of Mr. T. A. Ramachandra Ayyar.

Mr. T. A. Ramachandra Ayyar.—The motion standing in my name is this.—*To reduce the supplementary demand of Rs. 110 for Legislative Council by Re. 1.*

I have tabled this motion to call the attention of the Government to the long delay in paying T. A. to the Hon'ble Members who are doing honorary work and they want repayment of the amount that has already been spent. That is my point. The T. A. Bills of Kanni was only paid a few days back. The T. A. Bills are signed by the Hon'ble Members who are representing the people and they are certified by the Secretary to the Council and then I don't know why this long delay for payment of the T. A. It is for calling the attention of the Government to this matter that I have tabled this motion.

Mr. C. J. Mathew.—It will be seen from the statement placed on the table that there has been absolutely no de ay in my office in this matter of passing T. A. Bills. It is true there was some delay in passing the T. A. Bills towards the beginning of the current year and that was because it took some time to pass orders authorising me to check and countersign these bills. As you are all aware, up till now drawing wo rk was being attended to by the Stamp and Stationery Superintendent.

LIBRARY ARCHIVES Kerala Legislative Assembly

From 1st Chingam 1108 I have been appointed the Drawing Officer. Then, again, regarding the applicability of the revised T. A. rates to the Members of the Legislative Council the Comptroller of Accounts had to await Government orders which also came late. I may however assure the Members that special attention will be given to see that the bills are passed and returned to them promptly.

Motion withdrawn with leave of the House.

Motion No. 3.

Mr. K. T. Mathew.—*To reduce the supplementary demand of Rs 110 for Legislative Council by Re 1.*

സർ, ഈ നിയമസഭ ആരംഭിച്ചസമയത്ത് ഇതിന്റെ ഒന്നാമത്തെയോഗം മഹാരാജാവു തിരുമനസ്സിലെ പാലസ്സിൽവെച്ചു നടക്കുകയുണ്ടായി. അന്നു് മഹാരാജാവു തിരുമനസ്സുകൊണ്ടു 'ഈ നിയമസഭ അടുത്തകാലംകൊണ്ടു ഒരു പൂർണ്ണനിയമസഭയായി തീരുമെന്നു" ആശംസിക്കയുണ്ടായി. തിരുമനസ്സുകൊണ്ടുപയോഗിച്ച വാക്കിൽതന്നെ പറയുകയാണെങ്കിൽ "ഇതു പൊതുജനഭരണം ഏറ്റെടുത്തുന്നതിന്റെ ഒന്നാമത്തെ ഒരു പടി ആയിട്ടു വിചാരിയ്ക്കണമെന്നു" ആണു് അരുളിച്ചെയ്തത്. ആ ആശയെ അടിസ്ഥാനപ്പെടുത്തി ഈ നിയമസഭയിൽതന്നെ പല വാദപ്രതിവാദങ്ങളും നടത്തിയിട്ടുള്ളതു് നിയമസഭാംഗങ്ങളാരുംതന്നെ മറന്നിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നിയമസഭയുണ്ടാക്കിരണ്ടുകൊല്ലം കഴിയുന്നതിനുമുമ്പുതന്നെ അനുദ്യോഗസ്ഥാംഗങ്ങൾ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനായി ഗവമ്മെണ്ടിനോടു് ആവശ്യപ്പെട്ടു തുടങ്ങി. ഓരൊ കൊല്ലംകഴിയുന്തോറും ഈ അപേക്ഷയ്ക്കു ശക്തി കൂടികൂടിതന്നെവന്നു. അനുദ്യോഗസ്ഥാംഗങ്ങൾ ഈ കാര്യത്തിൽനിന്നു പിൻമാറുന്നതല്ലെന്നു ഗവമ്മെണ്ടിനെ മനസ്സിലാക്കുവാനും അവർ ശ്രമം തുടങ്ങി. തങ്ങളുടെ അപേക്ഷയെ സ്വീകരിക്കാത്തപക്ഷം, ഈ നിയമസഭകൊണ്ടു പ്രത്യേകാൽ ഗുണമൊന്നും ഇല്ലാത്തതിനാൽ ഈ നിയമസഭ വേണ്ടെന്നുവയ്ക്കണമെന്നുംകൂടി ചില അനുദ്യോഗസ്ഥാംഗങ്ങൾ പ്രസ്താവിക്കയുണ്ടായി. ഇതെല്ലാം ആയപ്പോൾ ഗവമ്മെണ്ടും ഈ സംഗതിയെപ്പറ്റി ആലോചിപ്പാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതിനു് പല ലക്ഷണങ്ങളും കണ്ടു തുടങ്ങി.

എന്നാൽ കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ ഈ വിഷയത്തെപ്പറ്റി നടന്ന വാദപ്രതിവാദങ്ങൾ എന്നെ വളരെ നിരാശപ്പെടുത്തുകയുണ്ടായി. അനുദ്യോഗസ്ഥാംഗങ്ങൾ, അതു പ്രാവശ്യം മുന്നോട്ടുപോകാതെ പുറകിലോട്ടു പോന്നതായിട്ടാണു് കാണുന്നതു്. അനുദ്യോഗസ്ഥാംഗങ്ങളുടെ പിന്നോട്ടുള്ള ഗമനം കണ്ടു് അപ്പോൾ ഭരിവാൻപേക്ഷ്യരായിരുന്ന ഇന്നത്തെ ആക്ടിങ്ങ് ദിവാൻ, അനുദ്യോഗസ്ഥാംഗങ്ങളെ മുന്നോട്ടു പിടിച്ചു് വലിക്കയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. അനുദ്യോഗസ്ഥാംഗങ്ങൾ ആവശ്യപ്പെട്ടുന്നത് വളരെ കുറവായിപ്പോയിരിക്കുന്നുവെന്ന അദ്ദേഹം അവരെ ഓർമ്മപ്പെടുത്തുകയുണ്ടായി.

ഈ സന്ദർഭത്തിൽ മൂന്നു നാലു കൊല്ലം മുമ്പു നടന്ന ഒരു കാര്യം ഇവിടെ പ്രസ്താവയോഗ്യമാണ്. നിയമസഭയിലെ അനുദ്യോഗസ്ഥന്മാരെല്ലാം ചേർന്ന്, നൂറു പേരിൽ കുറവു, കുറച്ചു പേർ ചേർന്ന് ഒപ്പിട്ട ഒരു മെമ്മോറിയൽ ദിവാൻജിയുടെ സമർപ്പിക്കയുണ്ടായി. അതിൽ ഉടനെ തന്നെ നിയമസഭ പരിഷ്കരിച്ച് മന്ത്രിമാരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അനുദ്യോഗസ്ഥാംഗങ്ങളുടെ ഈ പ്രവൃത്തിയെ പറ്റി മറ്റു നാട്ടുരാജ്യക്കാർ നമ്മെ വളരെ സ്തുതിക്കയുണ്ടായി. എന്നാൽ ഇന്നു നമ്മുടെ സമീപമുള്ള രാജ്യങ്ങളിലെ സ്ഥിതിയെ കുറിച്ചു ചിന്തിച്ചുനോക്കിയാൽ അവർ നമ്മേക്കാൾ എത്രയോ മുന്നോട്ടു പോയിരിയ്ക്കുന്നുവെന്നു കാണാവുന്നതാണ്. മറ്റു ചില രാജ്യങ്ങളെ അപേക്ഷിച്ചു നമ്മുടെ നിയമസഭയുടെ സ്ഥിതി തുലോം പിന്നിലായിട്ടാണ് കിടക്കുന്നത്. ബ്രിട്ടീഷു ഇൻഡ്യയിൽ പ്രൊവിൻഷ്യൽ ഓട്ടോണമി കൊടുക്കാമെന്നു പറഞ്ഞിട്ടു കൂടിയും ബ്രിട്ടീഷ് ഇൻഡ്യയിലുള്ളവർ അടങ്ങിയിരിക്കുന്നില്ല. സെൻടൽ ഗവർമ്മെണ്ടിൽ കൂടി ഉത്തരവാദഭരണം സ്ഥാപിച്ചു കിട്ടുന്നതിനായി ഇൻഡ്യാ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സമരം നടത്തിക്കൊണ്ടാണിരിക്കുന്നത്.

കൊച്ചിരാജ്യം വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമാണ്. വിദ്യാഭ്യാസമേലധ്യക്ഷൻ ഇന്നിവിടെയുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ഈ അഭിപ്രായത്തോടു തിട്ടയായും യോജിയ്ക്കുമായിരുന്നു. ഇൻഡ്യാരാജ്യത്ത് വിദ്യാഭ്യാസത്തിൽ മുമ്പിൽ നില്ക്കുന്നതു തിരുവിതാംകൂറും കൊച്ചിയും ആണ്. പുതിയ സെൻസസ്സുപ്രകാരം നോക്കിയാൽ തിരുവിതാംകൂറിലും കവിഞ്ഞിരിയ്ക്കും കൊച്ചി രാജ്യമെന്നാണ് എനിയ്ക്കു തോന്നുന്നതു്. ഇപ്പോൾ തിരുവിതാംകൂറിൽ നിയമസഭയ്ക്ക് പല പരിഷ്കാരങ്ങളും വരുത്തീട്ടുള്ളതായി പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിരിയ്ക്കുന്നു. അതുപോലെ ഇവിടേയും മഹാരാജാവിന്റെ സ്ഥാനാരോഹണം സംബന്ധിച്ചു പൊതുജനങ്ങൾക്കു തൃപ്തികരമായ കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുവാനിടയുണ്ടെന്നു പ്രതീക്ഷിച്ചിരുന്നിരുന്നു. എന്നാൽ ആശുഭസന്ദർഭം നഷ്ടപ്പെടുത്തി. ഇതിനു് ഉദ്യോഗസ്ഥന്മാരാണ് ഉത്തരവാദികൾ. അവർ ഈ വക സംഗതികൾ ഒന്നും വേണ്ടതരത്തിൽ മഹാരാജാവിനെ അറിയിച്ചു് ഉപദേശിയ്ക്കാതിരിയ്ക്കുന്നിടത്തോളം കാലം ജനസമുദായം ഇപ്രകാരംതന്നെ ഇരുട്ടിൽ തപ്പുള്ളു.

കൊച്ചി നിയമസഭയെ പറ്റി മറ്റു രാജ്യക്കാർ പറയുന്നതു നമുക്കു ഇൻഡ്യയിലെ മറ്റു നിയമസഭകളിൽ വച്ചു ഏറ്റ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന സ്ഥാനമുണ്ടെന്നാണ്. ഈ കാര്യത്തിൽ ബ്രിട്ടീഷ് ഗവമ്മെണ്ടിനേയും കൊച്ചിയേയും തമ്മിൽ താരതമ്മ്യപ്പെടുത്തിയാൽ നാം ചില കാര്യങ്ങളിൽ അവരെക്കാൾ മുന്നോട്ടുപോയിട്ടുള്ളതായി കാണാം. ബ്രിട്ടിഷ് ഇന്ത്യയിലെ അസംബ്ലിയ്ക്ക് ഒരു പ്രത്യേക ഡിപ്പാർട്ട്മെണ്ടു വേണമെന്നു് മിസ്റ്റർ പട്ടേലും ലാർഡു ഇർവിന്റെ ഗവമ്മെണ്ടും തമ്മിൽ എഴുത്തുകുത്തു നടത്തിയിട്ടുള്ള സംഗതി വർത്തമാന പത്രങ്ങളിലും മറ്റും നിന്നു് നമുക്കു അറിയാനിടയായിട്ടുണ്ടു്. അങ്ങിനെ അവർ കൂടിയും നിയമസഭ ഒരു പ്രത്യേക ഡിപ്പാർട്ട്മെണ്ടാക്കി പ്രസിഡെണ്ടിന്റെ കീഴിൽ കൊണ്ടുവരുന്നതെന്നും വാദിച്ചു് അതിനു വേണ്ടി പരിശ്രമിയ്ക്കുന്നു. അങ്ങിനെ അവർ മുന്നോട്ടു പോകുവാൻ ശ്രമിയ്ക്കുമ്പോൾ ഇവിടെ നമ്മുടെ നിയമസഭ ഗവമ്മെണ്ടിന്റെ കീഴിലാക്കുവാൻ ശ്രമിയ്ക്കുന്നതെന്നു ഞങ്ങൾ ഗവമ്മെണ്ടിനെ പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

ഉത്തരവാദഭരണസ്ഥാപനത്തിനു് ഒരു രാജ്യം യോഗ്യമായിട്ടുണ്ടോയെന്നു തീർച്ചപ്പെടുത്തുന്നതിനു മറ്റൊരു സംഗതി കൂടി ആലോചിയ്ക്കാനുണ്ടു്. അതു് ഓരോ തിരഞ്ഞെടുപ്പുസമയത്തു് ആകെയുള്ള സമ്മതിദായകന്മാരിൽ എത്ര പേർ വോട്ടു ചെയ്തു എന്നുള്ളതാണു്. ഈ കാര്യത്തിൽ കൊച്ചി രാജ്യം, അമേരിക്ക, ഇംഗ്ലണ്ടു് ഫ്രാൻസു്, മുതലായ പരിഷ്കൃത രാജ്യങ്ങളോടു കിടപിടിച്ചു നില്ക്കുന്നതാണു്. ഇംഗ്ലണ്ടു മുതലായ മുൻപറഞ്ഞ രാജ്യങ്ങളിൽ ഓരോ തിരഞ്ഞെടുപ്പുസമയത്തു് നൂറിൽ നൂറു —നൂറു സമ്മതിദായകന്മാർ മാത്രമാണു് വോട്ടു ചെയ്യാറുള്ളതെന്നു കാണുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ നൂറിൽ ഒരു—ഒരു -ൽ അധികമില്ല.

എന്നാൽ കൊച്ചി രാജ്യത്തു നൂറിൽ നൂറു —രണ്ടു സമ്മതിദായകന്മാർ വോട്ടു ചെയ്തിട്ടുള്ളതായി കാണുന്നു. ഈ കണക്കുകൊണ്ടു മനോക്കിയാലും കൊച്ചി രാജ്യത്തു ഇപ്പോൾ ഗവർമെന്റാക്കിയിട്ടുള്ള ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്ന ഭരണപരിഷ്കാരങ്ങൾ വരുത്തുന്നതിനു് എല്ലാം കൊണ്ടും യോഗ്യമായ രാജ്യമാണെന്നു നിസ്സംശയം പറയാവുന്നതാണു്.

കൊച്ചി രാജ്യത്തേക്കാളും വിദ്യാഭ്യാസത്തിലും മറ്റും വളരെ പുറകിൽ കിടക്കുന്ന രാജ്യമായ Aundh എന്ന രാജ്യത്തു്, അന്നദ്ദേശസ്ഥാംഗങ്ങളിൽ നിന്നു് ഒരു മന്ത്രിയെ നിശ്ചയിക്കുന്നുണ്ടെന്നുള്ള കാര്യം ഇവിടെ പ്രസ്താവയോഗ്യമാണു്. രണ്ടു നാലു കൊല്ലങ്ങൾക്കു മുമ്പാണു് ഈ ഭരണപരിഷ്കാരം അവിടെ നടപ്പിൽ വരുത്തിയതു്. ആ രാജ്യത്തു നിയമസഭയുടെ അദ്ധ്യക്ഷനേയും നിയമസഭ തന്നെയാണു് തിരഞ്ഞെടുക്കുന്നതു്. അതിനും പുറമെ മൂന്നു നാലു വർഷത്തിനകം ആ രാജ്യം ഉത്തരവാദഭരണം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതാണെന്നും മഹാരാജാവു പ്രഖ്യാപനം ചെയ്തിട്ടുണ്ടു. അതുകൊണ്ടു നാട്ടുരാജ്യങ്ങളിൽ ഉത്തരവാദഭരണം ഏർപ്പെടുത്തുന്നതിനു് ഇപ്പോഴത്തെ മേൽകോയ്മ സമ്മതിക്കയില്ലെന്നുള്ള വാദം ഇവിടെ കൊണ്ടുവരുന്നതിനു നിവൃത്തിയില്ല. നമ്മുടെ രാജ്യം Aundh രാജ്യത്തെക്കാളും വിദ്യാഭ്യാസത്തിലും മറ്റും വളരെ മുന്നിലാണു് നില്ക്കുന്നതെന്നു് ഞാൻ പ്രസ്താവിച്ചുവല്ലൊ. ഉത്തരവാദഭരണം നമ്മുടെ രാജ്യത്തു സ്ഥാപിക്കുന്നതായാൽ അതു് അവിവേകമായിപോയിയെന്നു ആരും തന്നെ പറയുന്നതല്ല.

കൊച്ചിയിൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനു് എന്തെങ്കിലും തടസ്ഥമുണ്ടെങ്കിൽ, അതു് ഇന്നത്തെ ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള വിരോധമാണു്. അവരുടെ സ്വേച്ഛാധികാരം ഉത്തരവാദഭരണസ്ഥാപനത്തോടു കൂടി നിന്നു പോകും. ഇപ്പോഴത്തെ നിയമസഭാംഗങ്ങൾ വാദിക്കുന്നതും പാസാക്കുന്നതും അവരുടെ സ്വേച്ഛപോലെ അവക്കു സ്വീകരിക്കയൊ തള്ളിക്കളയുകയൊ ചെയ്യാം. എന്നാൽ ഉത്തരവാദഭരണം സ്ഥാപിച്ചാൽ, നിയമസഭയിൽ പറയുന്നതു ഒരു ചെവിയിൽ കൂടി കേട്ടു്, മറ്റൊരു ചെവിയിൽ കൂടി പുറത്തു വിടുന്നതായാൽ പല അനർത്ഥങ്ങൾക്കും ഇടയാകും. പൊതുജനരക്ഷക്കായി വേണ്ടുന്നതെല്ലാം അപ്പോഴത്തെ ചെയ്തുതുടങ്ങും. അതൊന്നും നമ്മുടെ ഉദ്യോഗസ്ഥന്മാർക്കു് ഇഷ്ടമാകയില്ല. അതിനാലാണു് ഉത്തരവാദഭരണസ്ഥാപനത്തെ പറ്റി അവർ ചിന്തയ്ക്കു കൂടി ചെയ്യാത്തതു്.

